## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1203 — 12-06-2014-ലെ മറുപടിക്ക്

### സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം., പാലിശ്ശേരി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ? ഏതെല്ലാം ഉൽപ്പന്നങ്ങൾക്ക് എന്തു നിരക്കിലാണ് വില വർദ്ധിപ്പിച്ചത്?

ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളുടെ സബ്സിഡി വെട്ടിക്കുറയ്ക്കുകയോ നിറുത്തലാക്കുകയോ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

എ) & ബി) ഈ സർക്കാർ അധികാരമേറ്റശേഷം സപ്ലൈകോ. വില്പന ശാലകളിൽ താരതമ്യേന വിൽപ്പന കുറവായ കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സബ്സിഡി ഒഴിവാക്കിയതിനാൽ ഈ സാധനങ്ങളുടെ സപ്ലൈകോ വിൽപ്പന വില വർദ്ധിച്ചിട്ടുണ്ട്. പകരം ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ജയ അരി, കുറുവ അരി, പച്ചരി, വെളിച്ചെണ്ണ എന്നിവ സബ്സിഡി നൽകുന്ന 13 ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങളുടെ സപ്ലൈകോയുടെ ഇപ്പോഴത്തെ വിൽപ്പന വില പൊതു മാർക്കറ്റിലെ വിലയേക്കാൾ 10%-40% വരെ കുറവാണ്.
കൂടാതെ സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം ഭക്ഷ്യ വസ്തുക്കളുടെ വില്പനവില 27/07/2013 തീയതിയിലെ സർക്കാർ ഉത്തരവ് നം (എം.എസ്.) 32/13/ഭ.സി.സ.വ. പ്രകാരം 01-08-2013 മുതൽ പുതുക്കി നിശ്ചയിച്ചു. വില ഇപ്രകാരം പുതുക്കുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വിലയും മേൽ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച വിലയും ഇവയുടെ ബ്യൂറോ ഓഫ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച പൊതുവിപണി വിലയും അനുബന്ധമായി ചേർക്കുന്നു.

Beena
സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഇനം | വില പുതുക്കുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില | പുതുക്കിയ സബ്സിഡി വില | വർദ്ധനവ് (ശതമാനത്തിൽ) | നിലവിലെ പൊതു വിപണി വില |
|---|---|---|---|---|---|
| 1 | ചെറുപയർ | 49.00 | 55.00 | 12.24 | 97.36 |
| 2 | ഉഴുന്ന് ബോൾ | 36.00 | 42.00 | 16.66 | 83.79 |
| 3 | വൻകടല | 44.00 | 45.00 | 2.27 | 67.92 |
| 4 | വൻപയർ | 26.50 | 35.00 | 32.07 | 60.36 |
| 5 | തുവരപരിപ്പ് | 34.00 | 45.00 | 32.35 | 76.43 |
| 6 | മുളക് | 45.00 | 55.00 | 22 22 | 93.14 |
| 7 | മല്ലി | 45.90 | 50.00 | 30.71 | 112.64 |
| 8 | പഞ്ചസാര | 25.00 | 26.00 | 4 | 34.63 |
| 9 | പച്ചരി | 16.00 | 21.00 | 31.25 | 29.00 |
| 10 | മട്ട അരി | 16.00 | 21.00 | 31.25 | 35.25 |
| 11 | കുറുവ അരി | 19.00 | 21.00 | 10.52 | 32.00 |
| 12 | ജയ അരി | 21.00 | 21.00 | 0 | 34.75 |
| 13 | വെളിച്ചെണ്ണ | 62.00 | 62.00 | 0 | 168.93 |

Beena

സെക്ഷൻ ഓഫീസർ